# മത്തായിയുടെ സുവിശേഷത്തിന്റെ

## ജീവ-പഠനം

### ദൂത് എട്ട്

## രാജാവിന്റെ അഭിഷേകം

### (1)

Tue മത്തായി 3:1 മുതൽ 4:11 വരെയുള്ള ഭാഗം രാജാവിന്റെ അഭിഷേകത്തെ സംബന്ധിച്ചാണ്. മത്തായിയുടെ സുവിശേഷത്തിന്റെ ഈ വിഭാഗത്തിന് മൂന്നു ഭാഗങ്ങളുണ്ട്: രാജാവ് ശുപാർശ ചെയ്യപ്പെടുന്നതും (3:1-12), രാജാവ് അഭിഷേകം ചെയ്യപ്പെടുന്നതും (3:13-17), രാജാവ് പരീക്ഷിക്കപ്പെടുന്നതും (4:1-11). ഈ ദൂതിലും ഇതിനെത്തുടർന്നുള്ള ദൂതിലും രാജാവിന്റെ ശുപാർശയുടെ കാര്യം ചിന്തിക്കാം.

## I. ശുപാർശ ചെയ്യപ്പെടുന്നു

### A. ശുപാർശ ചെയ്യുന്നവൻ

മത്തായി മൂന്നാം അധ്യായം രാജാവിന്റെ ശുപാർശയെയും അഭിഷേകത്തെയും കുറിച്ചാണ് പറയുന്നത്. ഈ അധ്യായത്തിൽ ഒന്നാമതായി രാജാവിനെ ശുപാർശ ചെയ്യുന്നവനായ യോഹന്നാൻ സ്നാപകൻതന്നെ ശുപാർശ ചെയ്യപ്പെട്ടു. മത്തായി 3:1 പറയുന്നു, "ആ നാളുകളിൽ യോഹന്നാൻ സ്നാപകൻ പ്രത്യക്ഷനായി."

#### *1. ഒരു പുരോഹിതനായി ജനിച്ചു*

യോഹന്നാൻ സ്നാപകൻ ഒരു പുരോഹിതനായി ജനിച്ചവനായിരുന്നു (ലൂക്കൊ. 1:5, 13). ഉല്പത്തിയുടെ ജീവ-പഠനത്തിൽ ജ്യേഷ്ഠാവകാശത്തിൽ മൂന്നു കാര്യങ്ങൾ ഉൾപ്പെട്ടിരുന്നുവെന്ന് നാം കണ്ടു: ദേശത്തിന്റെ ഇരട്ടി പങ്കും, പൗരോഹിത്യവും, രാജത്വവും. യാക്കോബിന്റെ ആദ്യജാതനായ രൂബേന് ജ്യേഷ്ഠാവകാശത്തിന്റെ ഈ മൂന്നു കാര്യങ്ങളും ലഭിക്കണമായിരുന്നു. എന്നാൽ അവന്റെ അശുദ്ധി നിമിത്തം അവൻ ജ്യേഷ്ഠാവകാശം നഷ്ടപ്പെടുത്തി. തൽഫലമായി ദേശത്തിന്റെ ഇരട്ടി പങ്ക് യോസേഫിനും, പൗരോഹിത്യം ലേവിക്കും, രാജത്വം

യെഹൂദായും പോയി. പൗരോഹിത്യത്തിന്റെ മുഖ്യമായ പ്രവർത്തനം ജനത്തെ ദൈവത്തിലേക്കു കൊണ്ടുവരുന്നതും, രാജത്വത്തിന്റെ മുഖ്യമായ പ്രവർത്തനം ദൈവത്തെ ജനത്തിലേക്കു കൊണ്ടുവരുന്നതും ആണ്. വേദപുസ്തകമനുസരിച്ച്, മറ്റുള്ളവർ ദൈവത്തിന്റെ അനുഗ്രഹം പ്രാപിക്കത്തക്കവണ്ണം പുരോഹിതന്മാർ അവരെ ദൈവത്തിലേക്കു കൊണ്ടുവന്നു. ഇതാണ് പൗരോഹിത്യ സേവനം. രാജാക്കന്മാർ ദൈവത്തെ പ്രതിനിധീകരിച്ചവരും ദൈവത്തെ മറ്റുള്ളവരിലേക്ക് കൊണ്ടുവന്നവരും ആയിരുന്നു. അങ്ങനെ, മറ്റുള്ളവർ ദൈവത്തെ നേടത്തക്കവണ്ണം ദൈവത്തെ അവരിലേക്ക് കൊണ്ടുവരുന്ന ശുശ്രൂഷയാണ് രാജത്വം. ഈ ഗമനാഗമനത്തിലൂടെ മനുഷ്യനും ദൈവവും, ദൈവവും മനുഷ്യനും തമ്മിൽ യഥാർഥ കൂട്ടായ്മ, ശരിയായ സംസർഗ്ഗം ഉണ്ട്. ഒടുവിൽ, മനുഷ്യനും ദൈവവും ഒന്നായിത്തീരുന്നു. ഇതാണ് പൗരോഹിത്യത്തിന്റെയും രാജത്വത്തിന്റെയും ശുശ്രൂഷ.

പഴയനിയമത്തിലെ ഒന്നാമത്തെ ശുശ്രൂഷ പൗരോഹിത്യമായിരുന്നു. പൗരോഹിത്യത്തെ തുടർന്ന് രാജത്വം ഉണ്ടായിരുന്നു. 1 ശമൂവേലിനു മുമ്പുള്ള എല്ലാ പുസ്തകങ്ങളും പൗരോഹിത്യത്തെ സംബന്ധിച്ചതായിരുന്നു. എന്നാൽ 1 ശമൂവേലിൽ തുടങ്ങി പഴയനിയമത്തിന്റെ രണ്ടാമത്തെ ഭാഗം രാജത്വത്തെ സംബന്ധിച്ചാണ്. 1 ശമൂവേലിന്റെ പുസ്തകത്തിൽ ശമൂവേൽ പൗരോഹിത്യത്തെയും ദാവീദ് രാജത്വത്തെയും പ്രതിനിധീകരിക്കുന്നു. പുരോഹിതനായ ശമൂവേൽ രാജാവായ ദാവീദിനെ അവതരിപ്പിച്ചു. പൗരോഹിത്യം രാജത്വത്തെ അവതരിപ്പിക്കുന്നു. ഇന്ന് സഭാജീവിതത്തിലും അങ്ങനെതന്നെയാണ്. നാം യഥാർഥ പുരോഹിതന്മാരാണെങ്കിൽ, നാം രാജാക്കന്മാരായിത്തീരും, കാരണം പൗരോഹിത്യം എല്ലായ്പ്പോഴും രാജത്വത്തെ അവതരിപ്പിക്കുന്നു. ഒന്നാമത് നാം ദൈവസാന്നിധ്യത്തിലേക്ക് മറ്റുള്ളവരെ കൊണ്ടുവരുന്ന പുരോഹിതന്മാരാണ്. അതിനുശേഷം നാം ദൈവത്തെ മറ്റുള്ളവരിലേക്ക് കൊണ്ടുവരുന്ന രാജാക്കന്മാരായിത്തീരുന്നു.

ഓരോ സുവിശേഷകനും ഒരു രാജാവാണ്. നിങ്ങൾ ഒരു രാജാവല്ലെങ്കിൽ, സുവിശേഷം പ്രസംഗിക്കുവാൻ നിങ്ങൾ യോഗ്യനല്ല. 28:18-ലും 19-ലും രാജ്യത്തിന്റെ രാജാവായ കർത്താവായ യേശു പറഞ്ഞു, "സ്വർഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പുറപ്പെട്ട് സകല ജാതികളെയും ശിഷ്യരാക്കുവിൻ." തന്റെ അധികാരത്തോടുകൂടെ പോകുവാൻ ഇവിടെ കർത്താവ് തന്റെ ശിഷ്യന്മാരോടു പറഞ്ഞു. ഈ അധികാരത്തോടുകൂടെ പോകുന്നവർ സ്വർഗരാജ്യത്തിലെ രാജാക്കന്മാരാണ്. സംശയമെന്യേ അവൻ ഈ അധികാരം നാമുമായി പങ്കുവയ്ക്കുന്നു. അതുകൊണ്ട്, നാം

പോകുകയും ജാതികളെ ശിഷ്യരാക്കുകയും വേണം, അതായത്, മത്സരികളെ കീഴടക്കുവാൻ സുവിശേഷം പ്രസംഗിക്കണം. സുവിശേഷം പ്രസംഗിക്കുവാൻ നാം പോകുമ്പോൾ, നാം രാജാക്കന്മാരായിരിക്കണം.

തന്റെ വ്യവസ്ഥയിലുള്ള ദൈവത്തിന്റെ രഹസ്യം അനേകം ക്രിസ്ത്യാനികൾക്കും അറിയില്ല. സുവിശേഷം പ്രസംഗിക്കുവാൻ നിങ്ങൾ ഭാരപ്പെടുമ്പോൾ, ആദ്യം നിങ്ങൾ പൗരോഹിത്യത്തിന്റെ പ്രവർത്തനം നിർവഹിക്കണം. സുവിശേഷം പ്രസംഗിക്കുന്നതിനായി ആദ്യം ഒരു പുരോഹിതനായി നിങ്ങൾ ദൈവത്തിന്റെ അടുക്കൽ പോകുകയും, മറ്റുള്ളവരെ ദൈവത്തിലേക്ക് കൊണ്ടുവരുകയും വേണം. പൗരോഹിത്യത്തിലൂടെ നിങ്ങളെ അധികാരപ്പെടുത്തുകയും അഭിഷേകംചെയ്യുകയും, അപ്പോൾ ഒരു രാജാവായിരിക്കുവാൻ നിങ്ങൾ ദൈവത്തിന്റെ സന്നിധിയിൽനിന്നു പുറത്തുവരുകയും ചെയ്യും. ശരിയായ സുവിശേഷപ്രസംഗം ഒരു രാജകീയ ശാസനപത്രം ഉളവാക്കുന്നതാണ്. അത് രാജകീയമായ കല്പനയുടെ ഉദീരണമാണ്. പെന്തക്കോസ്തു നാളിലെ പത്രൊസിന്റെ പ്രസംഗം നോക്കുക. അവൻ ഗലീലയിലെ ഒരു യുവ മീൻപിടിത്തക്കാരനായിരുന്നെങ്കിലും, അവൻ ഒരു രാജാവായിരുന്നു. ശരിയായ ഓരോ സുവിശേഷകനും ഒരു രാജാവായിരിക്കണം.

പുരോഹിതൻ രാജാവിനെ അവതരിപ്പിക്കുന്നുവെന്ന് നാം കണ്ടു. ഇതിന്റെ ഒന്നാമത്തെ സംഭവം ദാവീദ് രാജാവിനെ ശമൂവേൽ അവതരിപ്പിച്ചതായിരുന്നു. മത്തായി മൂന്നാം അധ്യായത്തിൽ ലേവിഗോത്രത്തിൽ പുരോഹിതനായി ജനിച്ച യോഹന്നാൻ സ്നാപകനെന്ന മറ്റൊരു ശമൂവേലിനെ നാം കാണുന്നു. വേദപുസ്തകത്തിന്റെ സ്ഥിരതയെ മത്തായി 3 സാക്ഷ്യപ്പെടുത്തുന്നു, കാരണം ഇവിടെ യെഹൂദാഗോത്രമായ രാജകീയ ഗോത്രത്തിൽ നിന്നുള്ള ഒരുവനെ ശുപാർശ ചെയ്യുകൊണ്ട്, ലേവിഗോത്രം എന്ന പൗരോഹിത്യ ഗോത്രത്തിൽ നിന്നുള്ള ഒരുവനെ നാം കാണുന്നു. മത്തായി 3-ൽ യോഹന്നാൻ ശമൂവേലായും യേശു ദാവീദായും പ്രത്യക്ഷപ്പെട്ടു. അവിടെ മരുഭൂമിയിൽ യോഹന്നാൻ ജനത്തെ ദൈവത്തിലേക്ക് കൊണ്ടുവരുകയായിരുന്നു. തന്മൂലം, അവൻ ഒരു യഥാർഥ പുരോഹിതനായിരുന്നു. മറ്റുള്ളവരെ അവൻ ദൈവത്തിലേക്കു കൊണ്ടുവരുമ്പോൾ, രാജാവു വരുകയും, യോഹന്നാൻ അവനെ പരിചയപ്പെടുത്തുകയും ചെയ്തു. ഈ രാജാവ് ദൈവത്തെ മനുഷ്യനിലേക്കു കൊണ്ടുവന്നു. യോഹന്നാൻ മറ്റുള്ളവരെ ദൈവത്തിലേക്കു കൊണ്ടുരുകയും യേശു ദൈവത്തെ അവരിലേക്കു കൊണ്ടുവരുകയും ചെയ്തു.

യോഹന്നാന്റെ ശുശ്രൂഷയിലൂടെ പാപികളായ നാം ദൈവത്തിലേക്കു വന്നു. മാനസാന്തരത്താൽ നാം ദൈവത്തിന്റെ സാന്നിധ്യത്തിലേക്കു വന്നു. അതായിരുന്നു പൗരോഹിത്യ ശുശ്രൂഷ,

യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ. നാം എല്ലാവരും യോഹന്നാന്റെ ശുശ്രൂഷയിലൂടെ ദൈവസന്നിധിയിലേക്ക് വന്നിരിക്കുന്നു. യോഹന്നാനായിരുന്നു നമ്മെ ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവന്നത്. അപ്പോൾ പുതിയ ദാവീദുരാജാവായ യേശുക്രിസ്തു ദൈവത്തെ നമ്മിലേക്കു കൊണ്ടുവന്നു. യോഹന്നാന്റെ മാനസാന്തര ശുശ്രൂഷയിലൂടെയും യേശുവിന്റെ ജീവൻ പകരുന്ന ശുശ്രൂഷയിലൂടെയും നമ്മെ എല്ലാവരെയും പുരോഹിതന്മാരും രാജാക്കന്മാരും ആക്കിത്തീർത്തു. ഇന്ന് നാം പുരോഹിതനായ യോഹന്നാൻ സ്നാപകന്റെയും, യേശുക്രിസ്തു എന്ന രാജാവിന്റെയും തുടർച്ചയാണ്. നിങ്ങൾ ശരിയായ ഒരു ക്രിസ്ത്യാനിയാണെങ്കിൽ, നിങ്ങൾ ഒന്നാമത് ഇന്നത്തെ യോഹന്നാനും, രണ്ടാമത് ഇന്നത്തെ യേശുവും ആണ്. യുവാക്കളേ, നിങ്ങൾ ക്യാമ്പസുകളിലേക്ക് പോകുമ്പോൾ നിങ്ങൾ യഥാർഥ പുരോഹിതന്മാരായിരിക്കണം. "കർത്താവേ, ഈ ജനത്തിനുമേൽ കരുണ ഉണ്ടാകേണമേ. ഓ കർത്താവേ, ഈ എല്ലാ യുവാക്കളെയും ഓർക്കേണമേ. ഞാൻ അവരെ നിന്നിലേക്കു കൊണ്ടുവരുന്നു" എന്നു നിങ്ങൾ പറയണം. ഇതാണ് പൗരോഹിത്യം, യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ. നിങ്ങൾ മറ്റുള്ളവരെ ദൈവത്തിലേക്കു കൊണ്ടുവന്ന ശേഷം, ഉടനെ, ഒരർഥത്തിൽ, അവർ ദൈവത്തെ നേടത്തക്കവണ്ണം നിങ്ങൾ അവരെ ദൈവത്തിലേക്കു കൊണ്ടുവരുന്ന ക്രിസ്തു ആയിത്തീരും. ഇതാണ് ഇന്നത്തെ പൗരോഹിത്യവും രാജത്വവും.

### *2. പുറമെയുള്ള പുരോഹിതസ്ഥാനം ഉപേക്ഷിക്കുന്നു*

യോഹന്നാൻ സ്നാപകൻ ഒരു പുരോഹിതനായി ജനിച്ചുവെങ്കിലും, അവൻ പുറമെയുള്ള പുരോഹിതസ്ഥാനം ഉപേക്ഷിച്ചു. അവന്റെ ജനനത്തിന്റെ പുറമെയുള്ള സ്ഥാനത്താൽ അവൻ ഒരു യഥാർഥ പുരോഹിതനായിരുന്നില്ല, പിന്നെയോ പ്രതിരൂപത്തിലുള്ള ഒരു പുരോഹിതൻ, നിഴലിലുള്ള ഒരു പുരോഹിതൻ ആയിരുന്നു. 3:1-ൽ ഒരു യഥാർഥ പുരോഹിതനായി യോഹന്നാൻ മരുഭൂമിയിൽ പ്രസംഗിച്ചുകൊണ്ട് വന്നു. യോഹന്നാൻ സ്നാപകന്റെ പ്രസംഗം ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പ്രാരംഭമായിരുന്നു. തങ്ങളുടെ തിരുവെഴുത്തിൻ ചട്ടങ്ങൾക്കനുസരിച്ച് മതഭക്തരും സംസ്കാരസമ്പന്നരുമായ ആളുകൾ ദൈവത്തെ ആരാധിക്കുന്നിടമായ വിശുദ്ധനഗരത്തിനുള്ളിലെ വിശുദ്ധ ആലയത്തിലല്ല അവൻ പ്രസംഗിച്ചത്, പിന്നെയോ മരുഭൂമിയിൽ, യാതൊരു പഴയ ചട്ടങ്ങളും കാത്തുകൊള്ളാതെ "വന്യമായ" ഒരു രീതിയിൽ ആയിരുന്നു. പഴയനിയമമനുസരിച്ച് ദൈവത്തെ ആരാധിക്കുന്ന പഴയ രീതി ഉപേക്ഷിക്കപ്പെട്ടുവെന്നും ഒരു പുതിയ രീതി കൊണ്ടുവരപ്പെടാൻ പോകുന്നുവെന്നും ഇതു സൂചിപ്പിക്കുന്നു. ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ

പുതിയ രീതി മതത്തിനും സംസ്കാരത്തിനും എതിരാണെന്ന് ഇവിടെ മരുഭൂമി സൂചിപ്പിക്കുന്നു. പഴയ യാതൊന്നും ശേഷിക്കുന്നില്ലെന്നും പുതിയ ചിലത് പണിയപ്പെടാൻ പോകുന്നുവെന്നും ഇതു സൂചിപ്പിക്കുന്നു.

യോഹന്നാൻ സ്നാപകന്റെ വരവോടുകൂടെ ന്യായപ്രമാണയുഗം അവസാനിപ്പിക്കപ്പെട്ടു (11:13; ലൂക്കൊ. 16:16). യോഹന്നാന്റെ സ്നാനത്തോടുകൂടെ സമാധാനത്തിന്റെ സുവിശേഷം പ്രസംഗിക്കുവാൻ തുടങ്ങി (പ്രവൃ. 10:36-37). യോഹന്നാന്റെ പ്രസംഗം സുവിശേഷത്തിന്റെ ആരംഭമായിരുന്നു (മർക്കൊ. 1:1-5). തന്മൂലം, കൃപായുഗം യോഹന്നാനോടുകൂടെ ആരംഭിച്ചു.

പുതിയ പുരോഹിതനായ യോഹന്നാനോ പുതിയ രാജാവായ യേശുവോ പഴയ രീതിയിലായിരുന്നില്ല. പഴയ രീതിയനുസരിച്ച് പുരോഹിതന്മാർ വിശുദ്ധ പട്ടണത്തിലെ വിശുദ്ധ ആലയത്തിൽ തങ്ങുകയും, പൗരോഹിത്യവസ്ത്രങ്ങൾ ധരിക്കുകയും, പൗരോഹിത്യ ഭക്ഷണം കഴിക്കുകയും, പൗരോഹത്യ ആചാരങ്ങൾ പാലിക്കുകയും ചെയ്തിരുന്നു. എന്നാൽ യോഹന്നാൻ സ്നാപകന്റെ വരവോടുകൂടെ അവയെല്ലാം അവസാനിച്ചു. അത് യാഥാർഥ്യമായിരുന്നില്ല; അത് ഒരു നിഴലായിരുന്നു. ഇപ്പോൾ യഥാർഥ പുരോഹിതനായ യോഹന്നാൻ സ്നാപകനോടുകൂടെ യാഥാർഥ്യം വന്നു. യഥാർഥ പുരോഹിതനെന്ന നിലയിൽ ജനത്തെ ദൈവത്തിലേക്കു മടക്കിക്കൊണ്ടുവരാൻ യോഹന്നാൻ വന്നു. അതായിരുന്നു അവന്റെ ശുശ്രൂഷ.

### *3. മതത്തിനും സംസ്കാരത്തിനും വിരുദ്ധമായ ഒരു രീതിയിൽ ജീവിക്കുന്നു*

മതത്തിനും സംസ്കാരത്തിനും തികച്ചും വിരുദ്ധമായും അവയ്ക്കു വെളിയിലുള്ളതുമായ ഒരു രീതിയിൽ ജീവിച്ചതിലൂടെ യോഹന്നാൻ തന്റെ ശുശ്രൂഷ നിറവേറ്റി. വാക്യം 4 പറയുന്നു, "ഈ യോഹന്നാന്, അവന്റെ വസ്ത്രം ഒട്ടകരോമം കൊണ്ടുള്ളതും അവന്റെ അരയ്ക്കു ചുറ്റും തോൽവാറും ഉണ്ടായിരുന്നു; അവന്റെ ആഹാരം വെട്ടുക്കിളിയും കാട്ടുതേനും ആയിരുന്നു." ന്യായപ്രമാണത്തിന്റെ ചട്ടങ്ങളനുസരിച്ച്, ഒരു പുരോഹിതനായി ജനിച്ച യോഹന്നാൻ, മുഖ്യമായും നേരിയ ചണനൂൽകൊണ്ടുള്ള പൗരോഹിത്യവസ്ത്രം ധരിക്കുകയും (പുറ. 28:4, 40-41; ലേവ്യ 6:10; യെഹെ. 44:17-18), ജനം ദൈവത്തിന് അർപ്പിക്കുന്ന യാഗവസ്തുക്കളിൽ ഉൾപ്പെടുന്ന നേരിയമാവും മാംസവുംകൊണ്ടുള്ള പൗരോഹിത്യ ഭക്ഷണം കഴിക്കുകയും ചെയ്യണമായിരുന്നു (ലേവ്യ 2:1-3; 6:6-18, 25-26; 7:31-34). എന്നാൽ യോഹന്നാൻ മൊത്തത്തിൽ മറ്റൊരു രീതിയിൽ ചെയ്തു. അവൻ ഒട്ടകരോമംകൊണ്ടുള്ള വസ്ത്രവും തോൽവാറും ധരിക്കുകയും, വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിക്കുകയും ചെയ്തു. ഈ

വസ്തുക്കളെല്ലാം അപരിഷ്കൃതവും സംസ്കാരശൂന്യവും, മതപരമായ ചട്ടങ്ങൾക്കനുസൃതമല്ലാത്തതും ആണ്. ഒരു പുരോഹിതനായ വ്യക്തി ഒട്ടകരോമം ധരിക്കുകയെന്നാൽ മതപരമായ മനസ്സിന് വിശേഷാൽ അതൊരു കടുത്ത ആഘാതമായിരുന്നു, കാരണം ലേവ്യ ചട്ടങ്ങളനുസരിച്ച് ഒട്ടകം ശുദ്ധിയില്ലാത്ത ഒരു മൃഗമായിരുന്നു (ലേവ്യ 11:4). കൂടാതെ, യോഹന്നാൻ പരിഷ്കൃതമായ ഒരു സ്ഥലത്തല്ല ജീവിച്ചത്, മരുഭൂമിയിലായിരുന്നു (ലൂക്കൊ. 3:2). ഇതെല്ലാം സൂചിപ്പിക്കുന്നത് മനുഷ്യ സംസ്കാരവുമായി കലർന്ന ഒരുതരം മതത്തിലേക്ക് വീണുപോയിരുന്ന പഴയനിയമ യുഗത്തെ അവൻ മൊത്തത്തിൽ ഉപേക്ഷിച്ചിരുന്നു എന്നാണ്. അവന്റെ ഉദ്ദേശ്യം ക്രിസ്തുവിനാലും ജീവന്റെ ആത്മാവിനാലും മാത്രം സംരചിക്കപ്പെട്ട ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയെ അവതരിപ്പിക്കുക എന്നതായിരുന്നു.

യോഹന്നാന്റെ കാലത്ത് പൗരോഹിത്യവസ്ത്രം ധരിക്കുകയും, പൗരോഹിത്യഭക്ഷണം കഴിക്കുകയും, ഒരു പൗരോഹിത്യ കെട്ടിടത്തിൽ വസിക്കുകയും ചെയ്തുകൊണ്ട് ഒരു പുരോഹിതനായിരിക്കുകയെന്നത് മതത്തിന്റെ ഒരു വിഷയമായിരുന്നു എന്നു നാം കണ്ടു. ഒരുവൻ ഒരു പുരോഹിതനായി പെരുമാറുമ്പോൾ, എല്ലാവരും അവനെക്കുറിച്ചു ചിന്തിച്ചിരുന്നത് അവൻ മതപരമായ ഒരു വ്യക്തി, അഥവാ മതത്തിലുള്ള ഒരു വ്യക്തി ആയിട്ടാണ്. എന്നാൽ ഇവിടെ മത്തായി 3-ൽ നാം ഒരു യഥാർഥ പുരോഹിതനെ കാണുന്നു. പൗരോഹിത്യ കെട്ടിടത്തിൽ തങ്ങുന്നതിനുപകരം മതമോ സംസ്കാരമോ ഇല്ലാത്ത വന്യമായ ഒരു സ്ഥലമായ മരുഭൂമിയിലേക്ക് അവൻ പോയി. മരുഭൂമിയിൽ വെട്ടുക്കിളിയും തേനും ഭക്ഷിച്ചുകൊണ്ട് വന്യമായ ഒരു രീതിയിൽ അവൻ ജീവിച്ചു. അവന്റെ തേൻ പ്രക്രിയയ്ക്ക് വിധേയമായതും ഇന്ന് കടകളിൽ വിൽക്കുന്നതുമായ സംസ്കരിച്ചെടുത്ത തേനായിരുന്നില്ല. അത് കാട്ടുതേനായിരുന്നു. ഇങ്ങനെയുള്ള "വന്യമായ" ഒരു രീതിയിൽ ജീവിച്ച ഒരു യഥാർഥ പുരോഹിതനായിരുന്നു യോഹന്നാൻ. എങ്കിലും, അവനെ പകർത്തുവാൻ നിങ്ങൾ ശ്രമിക്കുന്നുവെങ്കിൽ നിങ്ങൾ വ്യാജമായിരിക്കും.

യോഹന്നാൻ വാസ്തവമായും മതത്തിനും സംസ്കാരത്തിനും പുറത്തായിരുന്നു. അവൻ വന്യമായ വസ്തുക്കൾ ഭക്ഷിച്ചുവെന്നു മാത്രമല്ല, അവൻ ഒട്ടകത്തിന്റെ രോമവും ധരിച്ചു. അവൻ ഒട്ടകത്തിന്റെ രോമക്കുപ്പായം ധരിച്ചുവെന്ന് വേദപുസ്തകം പറയുന്നില്ല എന്നതു ശ്രദ്ധിക്കുക: അതായിരുന്നെങ്കിൽ ഏറെക്കുറെ വെടിപ്പുള്ളതാകുമായിരുന്നു, എന്നാൽ ഒട്ടകത്തിന്റെ രോമം തീർച്ചയായും വൃത്തിയില്ലാത്തതാണ്. കൂടാതെ, അവന്റെ തോൽവാർ ഒരുപക്ഷെ വളരെ സംസ്കൃതമല്ലാത്തതായിരുന്നിരിക്കാം. യോഹന്നാൻ വാസ്തവമായും "വന്യൻ" ആയിരുന്നു.

എന്നിരുന്നാലും ഈ യഥാർഥ പുരോഹിതൻ രാജാവിന്റെ ശുപാർശക്കാരനായിരുന്നു.

യോഹന്നാൻ സ്നാപകന്റെ സമയം മുതൽ ഇന്നുവരെ യോഹന്നാന്റെ ശുശ്രൂഷയിലൂടെ അനേകം ആളുകൾ ദൈവത്തിലേക്ക് മടക്കി കൊണ്ടുവരപ്പെട്ടിട്ടുണ്ട്. മാനസാന്തരപ്പെടുവാൻ നാം മറ്റുള്ളവരോടു പറയുമ്പോഴെല്ലാം, നാം യോഹന്നാൻ സ്നാപകനെ ഓർക്കണം.

യോഹന്നാൻ സ്നാപകന്റെ ശുശ്രൂഷ മതത്തിനും സംസ്കാരത്തിനും വെളിയിലായിരുന്നു. യോഹന്നാൻ ജനിച്ചപ്പോൾ, യെരൂശലേമിൽ മുഖ്യമായ രണ്ടു കാര്യങ്ങളുണ്ടായിരുന്നു—എബ്രായമതവും യവന-റോമാ സംസ്കാരവും. എന്നാൽ തന്റെ മാതാപിതാക്കൾ ജീവിച്ചിരുന്ന യെരൂശലേമിൽ യോഹന്നാൻ തങ്ങിയില്ല. അവൻ യെരൂശലേംവിട്ട് മതമോ സംസ്കാരമോ ഇല്ലാത്ത, സകലവും പ്രകൃത്യാ ഉള്ള മരുഭൂമിയിലേക്കു പുറപ്പെട്ടുപോയി. മറ്റുള്ളവരെ ദൈവത്തിലേക്ക് കൊണ്ടുവന്നും, ദൈവത്തെ പ്രതിനിധീകരിക്കുന്നവനായ രാജാവിനെ അവർക്ക് പരിചയപ്പെടുത്തിയുംകൊണ്ട് യോഹന്നാൻ അവിടെ മരുഭൂമിയിൽ ശുശ്രൂഷിച്ചു. യോഹന്നാന്റെ സമയത്ത് പഴയ യുഗത്തിൽനിന്നു പുതിയ യുഗത്തിലേക്ക്, നിഴലുകളുടെയും പ്രതിരൂപങ്ങളുടെയും യുഗത്തിൽനിന്നു യാഥാർഥ്യത്തിന്റെ യുഗത്തിലേക്ക് യുഗം മാറിയെന്നതിന്റെ ശക്തമായ ഒരു സൂചനയായിരുന്നു ഇത്. പൗരോഹിത്യ അങ്കികൾ ധരിക്കുകയും, പൗരോഹിത്യഭക്ഷണം കഴിക്കുകയും, ധൂപം കത്തിച്ചും പൗരോഹിത്യ പ്രവർത്തനങ്ങൾ ചെയ്തുംകൊണ്ട് പൗരോഹിത്യ കെട്ടിടത്തിൽ പാർക്കുകയും ചെയ്തിരുന്ന പുരോഹിതന്മാർ ഒരിക്കലും ആരെയും ദൈവത്തിലേക്കു കൊണ്ടുവന്നില്ല. എന്നാൽ ഈ "വന്യനായ," മതഭക്തിയില്ലാത്ത, സംസ്കാരമില്ലാത്ത യോഹന്നാൻ നൂറുകണക്കിന് ആളുകളെ ദൈവത്തിലേക്കു കൊണ്ടുവന്നു. അവൻ രാജാവിനെ അവർക്ക് പരിചയപ്പെടുത്തുകയും ചെയ്തു. ഈ രാജാവായിരുന്നു മാനസാന്തരപ്പെട്ട ആളുകളിലേക്ക് ദൈവത്തെ കൊണ്ടുവന്നവൻ.

ഈ രാജാവിനെ ജനത്തിന് പരിചയപ്പെടുത്തുകയും, അവരെ വാസ്തവമായും ദൈവത്തിലേക്ക് മടക്കിക്കൊണ്ടുവരുകയും ചെയ്തപ്പോൾ, ഉടനെതന്നെ രാജ്യം സന്നിഹിതമായിരുന്നു. രാജാവും ജനവും ചേരുന്നതാണ് രാജ്യം. രാജാവും ജനവും അവിടെ ഉണ്ടായിരുന്നതുകൊണ്ട് രാജ്യം അവിടെ ഉണ്ടായിരുന്നു. പുതിയനിയമം നിർവ്യാജമായ രാജ്യത്വത്തെ പരിചയപ്പെടുത്തിക്കൊണ്ട് നിർവ്യാജമായ പൗരോഹിത്യത്തോടുകൂടെ ആരംഭിക്കുന്നു. യഥാർഥ പുരോഹിതൻ യഥാർഥ രാജാവിനെ പരിചയപ്പെടുത്തി. ഈ പരിചയപ്പെടുത്തൽ രാജ്യത്തെ ആനയിക്കുന്നു.

"മാനസാന്തരപ്പെടുവിൻ, എന്തെന്നാൽ സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു" എന്നതായിരുന്നു യോഹന്നാന്റെ സന്ദേശം (വാ. 2). രാജ്യം വരുന്നതുകൊണ്ടും രാജാവ് അവിടെ ഉണ്ടായിരുന്നതുകൊണ്ടും ജനം മാനസാന്തരപ്പെടണമായിരുന്നു. രാജാവു നമ്മെ നേടേണ്ടതിനും നാം അവന്റെ ജനമായിരിക്കേണ്ടതിനും നാമും മാനസാന്തരപ്പെടണം. നാം മാനസാന്തരപ്പെട്ടതിനുശേഷം രാജാവ് നമ്മെ നേടുകയും, നാം അവനെ നേടുകയും ചെയ്യുന്നു. രാജാവ് നമ്മെ നേടുന്നതിലൂടെയും നാം രാജാവിനെ നേടുന്നതിലൂടെയും നാമും രാജാവും രാജ്യമായിത്തീരുന്നു. രാജ്യം രാജാവിനു പിന്നാലെ ഉടനെ വരുന്നു. നിങ്ങൾ രാജാവിനെ സ്വീകരിക്കുകയും അവൻ നിങ്ങളെ അവന്റെ ജനമായി എടുക്കുകയും ചെയ്യുന്നുവെങ്കിൽ, രാജ്യം ഉടനെ സന്നിഹിതമായിരിക്കും. രാജ്യം എന്തുകൊണ്ടാണ് ഇതുവരെ വരാത്തത്? കാരണം നിങ്ങൾ രാജാവിനെ സ്വീകരിക്കുകയും, രാജാവ് നിങ്ങളെ നേടുകയും ചെയ്തിട്ടില്ല. ഇപ്പോഴും നിങ്ങൾ അവനിൽനിന്നു വളരെയേറെ ദൂരത്തായതുകൊണ്ട് രാജാവിനു നിങ്ങളെ നേടുവാൻ കഴിഞ്ഞിട്ടില്ല. അങ്ങനെ, രാജ്യം ഇപ്പോഴും ഇവിടെ ഇല്ല. മറിച്ച്, നിങ്ങളുടെ മാനസാന്തരത്തിന് കാത്തുകൊണ്ട് അത് ദൂരെ എവിടെയോ ആയിരിക്കുന്നു. നിങ്ങൾ മാനസാന്തരപ്പെടുന്നുവെങ്കിൽ, രാജാവ് നിങ്ങളെ നേടുകയും, നിങ്ങൾ രാജാവിനെ നേടുകയും, രാജ്യം ഇവിടെ ഉണ്ടായിരിക്കുകയും ചെയ്യും.

ഇന്ന് സുവിശേഷം പ്രസംഗിക്കുന്ന അനേകം ക്രിസ്ത്യാനികൾക്ക് ദൈവത്തിന്റെ വ്യവസ്ഥയിലുള്ള ദിവ്യ തത്ത്വങ്ങൾ അറിയില്ല. നാം യഥാർഥ സുവിശേഷകന്മാർ, യഥാർഥ സുവിശേഷപ്രസംഗകർ ആയിരിക്കണമെങ്കിൽ നാം ആദ്യം യോഹന്നാൻ സ്നാപകനായിരിക്കണം, ഇത് അർഥമാക്കുന്നത് നാം പുരോഹിതന്മാർ, നിഴലിലുള്ള ഔപചാരിക പുരോഹിതന്മാരല്ല, മറിച്ച് യാഥാർഥ്യത്തിലുള്ള നിർവ്യാജ പുരോഹിതന്മാരായിരിക്കണം എന്നാണ്. നാം അങ്ങനെയുള്ള പുരോഹിതന്മാരായിത്തീർന്നശേഷം നാം യേശുക്രിസ്തുവും ആയിരിക്കണം. ഇത് അർഥമാക്കുന്നത് നാം ദൈവത്തെ മറ്റുള്ളവരിലേക്ക് കൊണ്ടുവരുന്ന രാജാക്കന്മാരായിരിക്കണം എന്നാണ്. മറ്റുള്ളവർക്കുവേണ്ടി പ്രാർഥിച്ചുകൊണ്ട് നാം ദൈവത്തിന്റെ അടുക്കലേക്കു പോകുമ്പോൾ, നാം അവരെ ദൈവത്തിലേക്കു കൊണ്ടുപോകുന്ന പുരോഹിതന്മാരാണ്. എന്നാൽ ദൈവത്തിന്റെ സന്നിധിയിൽനിന്നു നാം വരുകയും ജനത്തിലേക്കു പോകുകയും ചെയ്യുമ്പോൾ നാം ദൈവത്തെ അവരിലേക്കു കൊണ്ടുവരുന്ന രാജാക്കന്മാരാണ്. നാം ഇതു ചെയ്യുന്നുവെങ്കിൽ, അവർ രാജാവിനോട് മാനസാന്തരപ്പെടുകയും, രാജാവ് അവരെ നേടുകയും, രാജ്യം സന്നിഹിതമായിരിക്കുകയും ചെയ്യും.

ഇന്ന് ശരിയായ സഭാജീവിതമാണ് രാജ്യം. നാം എല്ലാവരും മാനസാന്തരപ്പെടുകയും, രാജാവു നമ്മെ നേടുകയും, നാം അവനെ

സ്വീകരിക്കുകയും ചെയ്യു. ഇപ്പോൾ നാം രാജാവുമായി ഒന്നാണ്, രാജ്യവും ഇവിടെയുണ്ട്. ഹല്ലേലൂയ്യാ, രാജ്യം ഇപ്പോൾത്തന്നെ ഇവിടെ ഉണ്ട്! ഇതെല്ലാം ശുപാർശക്കാരനെ ആശ്രയിച്ചിരിക്കുന്നു.

ഈ ദൂതിലെ എന്റെ ഭാരം ശുപാർശക്കാരന്റെ വിഷയത്തിന് ഊന്നൽ നൽകുക എന്നതാണ്. നിങ്ങൾ ഇന്നത്തെ ക്രിസ്തുവിന്റെ ശുപാർശക്കാരനാണോ? ആണെങ്കിൽ, നിങ്ങൾ മതത്തിലും സംസ്കാരത്തിലും ആണോ അല്ലയോ എന്ന കാര്യത്തിൽ വ്യക്തത ഉള്ളവനായിരിക്കണം. നാം എല്ലാവരും മരുഭൂമിയിൽ, മതപരമോ സംസ്കാരസമ്പന്നമോ അല്ലാത്ത ഒരു പരിതസ്ഥിതിയിൽ, "വന്യമായ" ഒരു പരിതസ്ഥിതിയിൽ ആയിരിക്കണം. ശരിയായ പരിതസ്ഥിതി മതത്തിനും സംസ്കാരത്തിനും പുറത്തും, എന്നാൽ ദൈവസാന്നിധ്യം നിറഞ്ഞതും ആണ്.

യോഹന്നാൻ മരുഭൂമിയിലായിരുന്നപ്പോൾ ഒരു വലിയ ജനക്കൂട്ടത്തെ തന്നിലേക്ക് വലിക്കുന്ന ഒരു വലിയ കാന്തമായിരുന്നു അവൻ. ഇക്കാരണത്താൽ, വാക്യം 5 പറയുന്നു, "ആ സമയത്ത് യെരൂശലേമും സകല യെഹൂദ്യയും യോർദ്ദാന്റെ ചുറ്റുമുള്ള എല്ലാ ദേശവും പുറപ്പെട്ട് അവന്റെ അടുക്കൽ പോയി." അവന്റെ വലിക്കുന്ന ശക്തിമൂലം അനേകർ യോഹന്നാൻ സ്നാപകന്റെ അടുക്കൽ വന്നു. ക്യാമ്പസുകളിലേക്കു പോകുന്ന യുവാക്കൾ കാന്തങ്ങളായി അവിടെ നിൽക്കുമെന്ന് ഞാൻ പ്രത്യാശിക്കുന്നു. നിങ്ങൾ അങ്ങനെയുള്ള ഒരു കാന്തമാണെങ്കിൽ, അനേകർ കൂട്ടമായി നിങ്ങളുടെ അടുക്കൽ വരും. ഒന്നാമത് നിങ്ങൾ ദൈവസാന്നിധ്യത്തിലേക്ക് മറ്റുള്ളവരെ കൊണ്ടുവരുന്നതിന് ദൈവത്താൽ നിയമിക്കപ്പെട്ട പുരോഹിതന്മാരായിരിക്കും. പിന്നീട് മറ്റുള്ളവർക്ക് സ്വർഗീയ രാജാവിനെ പരിചയപ്പെടുത്തുവാൻ നിങ്ങൾ പ്രാപ്തരായിരിക്കും. ആ സമയം, നിങ്ങൾ രാജാവിനെ മറ്റുള്ളവർക്ക് പരിചയപ്പെടുത്തുക മാത്രമല്ല, നിങ്ങൾ വാസ്തവത്തിൽ രാജാവും ആയിരിക്കും. അങ്ങനെ, നിങ്ങൾ മറ്റുള്ളവർക്ക് ഒരു ആജ്ഞ നൽകുകയും, അനേകർ ക്രിസ്തുവിലേക്കു തിരിയുകയും ചെയ്യും. ഈ രീതിയിൽ ക്രിസ്തു ജനത്തെ നേടുകയും, അവർ അവനെ നേടുകയും ചെയ്യും. അപ്പോൾ, ഉടനെ, രാജ്യം ക്യാമ്പസുകളിൽ പ്രത്യക്ഷപ്പെടും. ഇതാണ് സുവിശേഷപ്രസംഗം നിർവഹിക്കാനുള്ള ശരിയായ മാർഗം.

## B. ശുപാർശയുടെ സ്ഥലം

ശുപാർശയുടെ സ്ഥലം വിശുദ്ധ നഗരത്തിലോ വിശുദ്ധ ആലയത്തിലോ അല്ല, മരുഭൂമിയിലാണെന്ന് നാം കണ്ടു. മരുഭൂമിയിൽ പ്രസംഗിച്ചുകൊണ്ട് യോഹന്നാൻ സ്നാപകൻ വന്നുവെന്ന് വാക്യം 1 പറയുന്നു, വാക്യം 3 പറയുന്നു, "മരുഭൂമിയിൽ വിളിച്ചുപറയുന്നവന്റെ ശബ്ദം, കർത്താവിന്റെ വഴി ഒരുക്കുവിൻ,

അവന്റെ പാതകൾ നേരെയാക്കുവിൻ എന്ന് യെശയ്യാപ്രവാചകനിലൂടെ പറഞ്ഞത് ഇവനെക്കുറിച്ച് ആകുന്നു." പ്രവചന പ്രകാരമായിരുന്നു യോഹന്നാൻ സ്നാപകൻ മരുഭൂമിയിൽ തന്റെ ശുശ്രൂഷ ആരംഭിച്ചത്. ഇതു സൂചിപ്പിക്കുന്നത് യോഹന്നാനാലുള്ള ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥയുടെ പ്രവേശനം യാദൃശ്ചികമായിരുന്നില്ല, മറിച്ച് യെശയ്യാപ്രവാചകനിലൂടെ ദൈവത്താൽ പദ്ധതിയിട്ടതും മുൻകൂട്ടി അറിയിക്കപ്പെട്ടതും ആകുന്നു എന്നാണ്. തന്റെ പുതിയനിയമ വ്യവസ്ഥ തികച്ചും പുതിയ രീതിയിൽ തുടങ്ങുവാൻ ദൈവം ഉദ്ദേശിച്ചിരുന്നു എന്ന് ഇത് സൂചിപ്പിക്കുന്നു.

കഴിഞ്ഞ ചില നൂറ്റാണ്ടുകളുടെ ചരിത്രം നിങ്ങൾ അന്വേഷിച്ചു പിന്തുടരുമെങ്കിൽ പ്രബലമായ ഏത് ഉണർവും ഒരുതരം "മരുഭൂമി"യിൽ സംഭവിച്ചുവെന്ന് നിങ്ങൾ കാണും. രണ്ടു നൂറ്റാണ്ടുകൾക്കുമുമ്പ് ജോൺ വെസ്ലിയും ജോർജ് വൈറ്റ്ഫീൽഡും സുവിശേഷകന്മാരായി എഴുന്നേൽപിക്കപ്പെട്ടപ്പോൾ, അവർ മുഖ്യമായും വീഥിയുടെ കോണുകളിൽ പ്രസംഗിക്കുകയായിരുന്നു. തന്റെ ജീവചരിത്രമനുസരിച്ച് ജോർജ് വൈറ്റ്ഫീൽഡ് പലപ്പോഴും മരുഭൂമിയിലെ താഴ്വാരക്കുന്നുകളിൽ പ്രസംഗിച്ചിരുന്നു. എന്നാൽ, ആ സമയത്ത്, വിശുദ്ധ വചനം "വിശുദ്ധമന്ദിരത്തിനു" വെളിയിൽ വിശദീകരിക്കുന്നതു വിലക്കുന്നതായ ചട്ടങ്ങൾ ചർച്ച് ഓഫ് ഇംഗ്ലണ്ടിന് ഉണ്ടായിരുന്നു. ഈ ചട്ടങ്ങളനുസരിച്ച് വേദപുസ്തകത്തിൽനിന്നു പ്രസംഗിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നവൻ "വിശുദ്ധമന്ദിരത്തിൽ" അത് ചെയ്യണമായിരുന്നു. എന്നിരുന്നാലും, "വിശുദ്ധമന്ദിരത്തിനു" വെളിയിൽ അവരുടെ പ്രസംഗം നടത്തുവാൻ ദൈവം ജോർജ് വൈറ്റ്ഫീൽഡിനെയും ജോൺ വെസ്ലിയെയും എഴുന്നേൽപിച്ചു. ഇന്നും തത്ത്വം ഇതുതന്നെ ആയിരിക്കണം. ബാഹ്യമായ ഒരു രീതിയിൽ നാം യോഹന്നാൻ സ്നാപകനെ പകർത്തണമെന്ന് ഇത് അർഥമാക്കുന്നില്ല. ഇത് അർഥമാക്കുന്നത് മതപരമായ രീതിയോ സംസ്കാരപരമായ രീതിയോ നാം എടുക്കരുത് എന്നാണ്. മറിച്ച്, നാം ദൈവസാന്നിധ്യം നിറഞ്ഞ വഴി എടുക്കണം. നാം വിശുദ്ധനഗരത്തിലോ വിശുദ്ധ ആലയത്തിലോ ആയിരിക്കരുത്, പ്രത്യുത മതത്തിനും സംസ്കാരത്തിനും വെളിയിലുള്ള ഒരു സ്ഥലത്തിൽ, എന്നാൽ ദൈവസാന്നിധ്യംകൊണ്ടു നിറഞ്ഞ ഒരു സ്ഥലത്തിൽ ആയിരിക്കണം. യുവാക്കൾ ഈ വിഷയത്തെ കർത്താവിലേക്ക് കൊണ്ടുവരുകയും ഇപ്രകാരം പ്രാർഥിക്കുകയും ചെയ്യുമെന്ന് ഞാൻ പ്രത്യാശിക്കുന്നു, **"കർത്താവേ, ഞങ്ങളെ ഇന്നത്തെ യോഹന്നാൻ സ്നാപകനാക്കേണമേ. കർത്താവേ, ഞങ്ങളെ മരുഭൂമിയിലേക്ക് കൊണ്ടുപോകുകയും മറ്റുള്ളവരെ നിന്നിലേക്കു കൊണ്ടുവരുന്നതിന് എങ്ങനെ നിർവ്യാജരായ പുരോഹിതന്മാരായിരിക്കാമെന്നും എങ്ങനെ അവരുടെ രാജാവായി നിന്നെ പരിചയപ്പെടുത്താമെന്നും ഞങ്ങൾക്കു കാണിച്ചുതരേണമേ."**

മത്തായിയുടെ സുവിശേഷം യോഹന്നാന്റെ സുവിശേഷത്തിൽനിന്നും തികച്ചും വ്യത്യസ്തമാണ്. യോഹന്നാന്റെ സുവിശേഷം ജീവന്റെ ഒരു പുസ്തകമായിരിക്കുമ്പോൾ, മത്തായിയുടെ സുവിശേഷം രാജ്യത്തിന്റെ ഒരു പുസ്തകമാണ്. മത്തായിയുടെ പുസ്തകമനുസരിച്ച് നാം സ്വീകരിക്കാനിരിക്കുന്ന യേശു രാജാവാണ്. മത്തായിയുടെ സുവിശേഷം നാം പരിഗണിക്കുമ്പോൾ, നാം ഇപ്പോൾ രാജ്യത്തിലാണെന്ന് പൂർണ്ണമായും ആഴമായും നമ്മിൽ പതിയപ്പെടണം. ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന സകലതും രാജ്യവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ട്, ഓരോ അധ്യായത്തെയും ഓരോ വാക്യത്തെയുംപോലും രാജ്യത്തിന്റെ കാഴ്ചപ്പാടിൽനിന്നു വീക്ഷിച്ചുകൊണ്ട്, രാജ്യത്തിന്റെ കോണിൽനിന്നു നാം ഈ പുസ്തകത്തിലേക്കു നോക്കണം.

മൂന്നാം അധ്യായത്തിലെ മാനസാന്തരത്തിനുള്ള വിളി രാജ്യത്തിനുവേണ്ടിയാണ്. നിങ്ങൾ രാജ്യത്തിലല്ലാത്തതുകൊണ്ട്, നിങ്ങൾ ദൈവത്തിന്റെ അധികാരത്തിൻ കീഴിലല്ലാത്തതുകൊണ്ട്, നിങ്ങൾ മാനസാന്തരപ്പെടണം. ക്രിസ്തുവിന്റെ അധികാരത്തിനു കീഴ്പെടുകയോ അവന്റെ രാജത്വത്തിൻകീഴിൽ വരുകയോ ചെയ്യാത്തതുകൊണ്ട് നിങ്ങൾ മാനസാന്തരപ്പടണം. നിങ്ങൾ പാപിയാണെന്ന് നിങ്ങൾക്കു തോന്നുന്നില്ലെങ്കിലും, നിങ്ങൾ രാജ്യത്തിൽ അല്ലാതിരിക്കുന്നിടത്തോളം നിങ്ങൾ ഒരു മത്സരിയാണ്. ക്രിസ്തുവിന്റെ രാജത്വവുമായി നിങ്ങൾക്ക് യാതൊരു കാര്യവുമില്ലാതിരിക്കുന്നിടത്തോളം നിങ്ങൾ മത്സരത്തിലാണ്, നിങ്ങൾ മാനസാന്തരപ്പെടണം. രാജ്യത്തിലല്ലാത്തതിനാൽ മാനസാന്തരപ്പെടുക! ഇന്നത്തെ യഥാർഥ ക്രിസ്ത്യാനികൾ രക്ഷിക്കപ്പെട്ടവരാണ്, എങ്കിലും അവരിൽ അനേകരും ഇപ്പോഴും രാജ്യത്തിലല്ല. അങ്ങനെ, ഈ ക്രിസ്ത്യാനികൾപോലും മാനസാന്തരപ്പെടണം. നിങ്ങൾ ക്രിസ്തുവിന്റെ രാജത്വത്തിൻകീഴിൽ അല്ലാതിരിക്കുന്നിടത്തോളം നിങ്ങൾ മാനസാന്തരപ്പെടണം. നിങ്ങൾ വാസ്തവത്തിൽ സ്വർഗരാജ്യത്തിലല്ലെങ്കിൽ, സ്വർഗീയ ഭരണത്തിൻ കീഴിലല്ലെങ്കിൽ, നിങ്ങൾ മാനസാന്തരപ്പെടണം. നിങ്ങൾ എത്രമാത്രം ആത്മികനോ, വിശുദ്ധനോ, നല്ലവനോ എന്നത് വിഷയമല്ല. വിഷയമായിരിക്കുന്ന ഒരേയൊരു കാര്യം നിങ്ങൾ സ്വർഗീയ ഭരണത്തിൻ കീഴിൽ ആണോ അല്ലയോ എന്നതാണ്. നിങ്ങൾ സ്വർഗീയ ഭരണത്തിൻ കീഴിൽ അല്ലെങ്കിൽ അത് അർഥമാക്കുന്നത് നിങ്ങൾ രാജ്യത്തിലല്ലെന്നും നിങ്ങൾ മാനസാന്തരപ്പെടണം എന്നുമാണ്. നിങ്ങൾ രാജ്യത്തിലല്ലെങ്കിൽ, നിങ്ങൾ മത്സരത്തിലാണ്. നിങ്ങളെത്തന്നെ നിങ്ങൾ തിരുവെഴുത്തുകളിൻ പ്രകാരമുള്ളവനും, മൗലികനും, വിശുദ്ധനും ആണെന്ന് പരിഗണിക്കുന്നു, എന്നാൽ വാസ്തത്തിൽ നിങ്ങൾ മത്സരിയാണ്. നിങ്ങളുടെ ആത്മികത പോലും ക്രിസ്തുവിന്റെ രാജത്വത്തിനെതിരായുള്ള ഒരു രൂപത്തിലുള്ള മത്സരമാണ്.

ക്രിസ്തുവിന്റെ രാജത്വത്തിനുവേണ്ടിയല്ല, നിങ്ങളുടെ ആത്മികതയ്ക്കുവേണ്ടി നിങ്ങൾ കരുതുന്നു. നിങ്ങൾ മത്സരത്തിലാണെന്നും, നിങ്ങൾ രാജ്യത്തിലല്ലെന്നും ഇത് സൂചിപ്പിക്കുന്നു. നിങ്ങളുടെ മത്സരത്തിൽനിന്നു മാനസാന്തരപ്പെടുക! രാജ്യത്തിലല്ലാത്തതുകൊണ്ടും ക്രിസ്തുവിന്റെ രാജത്വത്തിനും അധികാരത്തിനും കീഴിൽ അല്ലാത്തതുകൊണ്ടും മാനസാന്തരപ്പെടുക! ഇതാണ് മത്തായിയുടെ സുവിശേഷത്തിന്റെ അടിസ്ഥാന ചിന്ത.

മത്തായിയുടെ സുവിശേഷം അവിശ്വാസികൾക്കോ, പുറത്തുള്ളവർക്കോ, വിജാതീയർക്കോ ആണെന്നു ചിന്തിക്കരുത്. നമ്മിൽ അനേകർ മത്തായിയുടെ സുവിശേഷം ഒരിക്കലും കേട്ടിട്ടില്ല. എന്തു തരത്തിലുള്ള സുവിശേഷമാണ് നിങ്ങൾ കേട്ടിട്ടുള്ളതെന്ന് എനിക്കറിയില്ല, എന്നാൽ മത്തായിയുടെ സുവിശേഷം, ക്രിസ്തുവിന്റെ രാജത്വത്തിൻ കീഴിലല്ലാതിരിക്കുന്നതുകൊണ്ട് നിങ്ങൾ മാനസാന്തരപ്പെടണമെന്ന് ആവശ്യപ്പെടുന്ന രാജ്യത്തിന്റെ സുവിശേഷം, നിങ്ങൾ കേൾക്കേണ്ടത് ആവശ്യമാണെന്ന് എനിക്കറിയാം. നാം എല്ലാവരും കർത്താവിനോട് മാനസാന്തരപ്പെടുകയും, ഇങ്ങനെ പറയുകയും വേണം, "കർത്താവേ, എന്നോടു ക്ഷമിക്കേണമേ. ഇപ്പോഴും ഞാൻ മത്സരത്തിലാണ്. ഞാൻ നിന്റെ കർത്തൃത്വത്തിന്റെയോ, നിന്റെ അധികാരത്തിന്റെയോ, നിന്റെ സ്വർഗീയ ഭരണത്തിന്റെയോ കീഴിലല്ല. കർത്താവേ, എന്നാൽ മാത്രം ഞാൻ ഭരിക്കപ്പെട്ടിരുന്നു എന്നു ഞാൻ ഏറ്റുപറയുന്നു. കർത്താവേ, എന്റെ മത്സരം നിമിത്തം, നിന്റെ അധികാരത്തിൻ കീഴിൽ അല്ലാതിരുന്നതു നിമിത്തം ശരിയായ ഒരു മാനസാന്തരം എനിക്കു നൽകേണമേ." നാം എല്ലാവരും മാനസാന്തരപ്പെടേണ്ടത് ആവശ്യമാണ്. യോഹന്നാൻ സ്നാപകനും പൗരോഹിത്യത്തിന്റെ ഈ ശുശ്രൂഷയും ഇപ്പോഴും നമ്മോടുകൂടെ ഉള്ളതിനായി കർത്താവിനെ സ്തുതിക്കുന്നു! ഒരുവശത്ത്, ഈ പൗരോഹിത്യം നമ്മെ ദൈവത്തിലേക്കു കൊണ്ടുപോകുന്നു; മറുവശത്ത്, ദൈവത്തെ നമ്മിലേക്കു കൊണ്ടുവരുന്നവനായ സ്വർഗീയ രാജാവിനെ അത് ശുപാർശ ചെയ്യുന്നു. ഈ രാജാവിനെ നാം സ്വീകരിക്കുമ്പോൾ, അവൻ നമ്മെ നേടുകയും രാജ്യം ഇവിടെ ഉണ്ടായിരിക്കുകയും ചെയ്യുന്നു. ഇതാണ് മത്തായിയുടെ സുവിശേഷം.